# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1260**

**15/06/2012-ൽ മറുപടിക്ക്**

## കുടുംബശ്രീ യൂണിറ്റുകളുടെ വിശദാംശം

**ചോദ്യം**

ശ്രീമതി കെ. എസ്. സലീഖ

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

(എ) സംസ്ഥാനത്ത് എത്രലക്ഷം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എ) നിലവിൽ 34.23 ലക്ഷം കുടുംബങ്ങളാണ് കുടുംബശ്രീയിൽ സജീവ അംഗങ്ങളായിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കുടുംബം |
|---|---|---|
| 1. | തിരുവനന്തപുരം | 394229 |
| 2. | കൊല്ലം | 243162 |
| 3. | പത്തനംതിട്ട | 128396 |
| 4. | ആലപ്പുഴ | 282210 |
| 5. | കോട്ടയം | 195106 |
| 6. | ഇടുക്കി | 141954 |
| 7. | എറണാകുളം | 275928 |
| 8. | തൃശ്ശൂർ | 295257 |
| 9. | പാലക്കാട് | 261256 |
| 10. | മലപ്പുറം | 324517 |
| 11. | കോഴിക്കോട് | 374799 |
| 12. | വയനാട് | 95754 |
| 13. | കണ്ണൂർ | 264179 |
| 14. | കാസർഗോഡ് | 147223 |
| | ആകെ | 3423970 |

(ബി) പ്രതിവർഷം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ കുടുംബശ്രീ വഴി നടത്തുന്നുണ്ട് ; വ്യക്തമാക്കുമോ ;

(ബി) 1999 മുതൽ 2011 വരെയുള്ള പ്രതിവർഷ പ്രവർത്തന ചെലവ് ചുവടെ ചേർക്കുന്നു :

| ക്രമ നം. | വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1. | 1999–00 | 175.00 |
| 2. | 2000–01 | 274.00 |
| 3. | 2001–02 | 897.00 |
| 4. | 2002–03 | 672.00 |
| 5. | 2003–04 | 1071.00 |
| 6. | 2004–05 | 10370.00 |
| 7. | 2005–06 | 2923.00 |
| 8. | 2006–07 | 1967.00 |
| 9. | 2007–08 | 2779.00 |
| 10. | 2008–09 | 5048.00 |
| 11. | 2009–10 | 12188.00 |
| 12. | 20010–11 | 8988.00 |
| ആകെ | | 38342.00 |

(സി) സംസ്ഥാനത്ത് കുടുംബശ്രീയുടെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; ഒരു യൂണിറ്റിൽ പരമാവധി എത്ര പേർ ; കുറഞ്ഞത് എത്ര പേർ ; എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ വിവിധതരത്തിലുള്ള 29,188 ഉത്പാദന/ സേവന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. വ്യക്തിഗത സംരംഭങ്ങളും ഗ്രൂപ്പ് സംരംഭങ്ങളുമാണ് പ്രധാനമായിട്ടുള്ളത്. ഇതിൽ ഗ്രൂപ്പു സംരംഭങ്ങളിൽ കുറഞ്ഞത് 5 അംഗങ്ങളും പരമാവധി 10 അംഗങ്ങളുമാണുള്ളത്.

(ഡി) ഒരേ തരത്തിലുള്ള കുടുംബശ്രീ ഉത്പ്പന്നങ്ങളെ ഒരു ബ്രാൻഡിന് കീഴിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) കുടുംബശ്രീ ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ബ്രാന്റിംഗ്, ലേബലിംഗ് എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഒരേ തരത്തിലുള്ള ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകളെ ഒരു ക്ലസ്റ്ററിനു കീഴിൽ കൊണ്ടു വന്ന് അവയ്ക്ക് ഒരു പൊതുവായ ബ്രാന്റ് നെയിം നൽകുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ഇത്തരം യൂണിറ്റുകൾ അടങ്ങിയ കോമൺ

| | | | |
|---|---|---|---|
| | | | ഫെസിലിറ്റേറ്റിംഗ് സെന്ററുകൾ (സി.എഫ്.സി) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടുംബശ്രീ ഉത്പന്നങ്ങളുടെയും കുടുംബശ്രീ ലോഗോയുടെയും ബ്രാന്റിംഗ് നടത്തുന്നതിന് പി.എം.ജി 'അസോസിയേറ്റ്സ്' എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അമൃതം ന്യൂട്രിമിക്സ്, കാദംബരി വസ്ത്രങ്ങൾ, ചാരുത സുവനിയറുകൾ എന്നീ പേരുകളിൽ ഉത്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ്. |
| (ഇ) | കുടുംബശ്രീയുടെ കീഴിൽ എത്ര പേർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി നടത്തുന്നു ; ഏതൊക്കെ തരത്തിലുള്ള കൃഷിയാണ് ഇവർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (ഇ) | സംസ്ഥാനത്തെ വിവിധ ജില്ലകളിലായി കുടുംബശ്രീയുടെ കീഴിൽ ആകെ 2,55,090 പേർ (47869 സംഘകൃഷി ഗ്രൂപ്പുകൾ) കാർഷികവൃത്തിയിൽ ഏർപ്പെട്ടുവരുന്നു. ഇവർ സംഘകൃഷി/ ഗ്രൂപ്പു കൃഷി രീതിയാണ് അവലംബിച്ചുവരുന്നത്. സംയോജിത കൃഷി, ജൈവ കൃഷി, ഇടവിള കൃഷി, സമ്മിശ്ര കൃഷി മുതലായ വിവിധ തരത്തിലുള്ള കൃഷി രീതികളാണ് മേൽ പറഞ്ഞ ഗ്രൂപ്പുകൾ ചെയ്തുവരുന്നത്. |
| (എഫ്) | പണാപഹരണത്തിന്റെ പേരിൽ സംസ്ഥാനത്ത് എത്ര കുടുംബശ്രീ അംഗങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും; ആയത് എപ്രകാരമുള്ള നടപടിയാണെന്നും വ്യക്തമാക്കുമോ ? | (എഫ്) | സംസ്ഥാനത്ത് ഇതുവരെ മൊത്തം 24 കുടുംബശ്രീ അംഗങ്ങൾക്കും 12 സി.ഡി.എസുകൾക്കുമെതിരെ പണം തിരിമറിയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണം, പോലീസ് കേസ്, കോടതി കേസ് എന്നിവക്കുപുറമേ കുടുംബശ്രീ സംസ്ഥാന മിഷനും, ജില്ലാമിഷനും ഇതിൻമേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ